"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ഇടുക്കി ജില്ലയിലെ 'ആമപ്പാറ ജാലകം ഇക്കോപാർക്ക് പദ്ധതി'യുടെ ഭരണാനുമതി കാലാവധി - 31.10.2024 വരെ മുൻകാലപ്രാബല്യത്തിൽ ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവാകുന്നു .

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.140/2025/TSM തീയതി,തിരുവനന്തപുരം, 05-03-2025

പരാമർശം:-

1. 28.01.2019ലെ സ. ഉ. (സാധാ.) 34/2019/ടൂറിസം.
2. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 04.10.2024 ലെ ഡി ഒ ടി/ 1276/2024-പി 2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2.25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 'ആമപ്പാറയിലെ ജാലകം ഇക്കോപാർക്ക് പദ്ധതി', 18 മാസം കൊണ്ടു പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ കോവിഡ് മൂലമുള്ള നിയന്ത്രണങ്ങളും പദ്ധതി പ്രദേശത്തിന്റെ സവിശേഷ ഭൂപ്രകൃതിയും കാരണം നിർമാണ സാമഗ്രികൾ എത്തിക്കാൻ കാലതാമസം നേരിട്ടതു മൂലം പദ്ധതി യഥാസമയം നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പരിഗണിച്ച് 'ആമപ്പാറയിലെ ജാലകം ഇക്കോപാർക്ക് പദ്ധതി' യുടെ ഭരണാനുമതി കാലാവധി 31.10.2024 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇടുക്കിയിലെ 'ആമപ്പാറയിലെ ജാലകം ഇക്കോപാർക്ക് പദ്ധതി'യുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പരിഗണിച്ച് ഭരണാനുമതി കാലാവധി 31.10.2024 വരെ മുൻകാലപ്രാബല്യത്തിൽ ദീർഘിപ്പിച്ചു നൽകികൊണ്ട് ഉത്തരവാകുന്നു.

i) നിർവഹണ ഏജൻസിയുടെയും കരാറുകാരന്റെയും ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണ് 'ആമപ്പാറയിലെ ജാലകം ഇക്കോപാർക്ക് പദ്ധതി' സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതെങ്കിൽ നിയമാനുസൃതമായ പിഴ/liquidated damages ഈടാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തണം.

(ii) കരാർ തുകയ്ക്ക് പുറമേ GST അനുവദിക്കുകയാണെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരം GST ഉൾപ്പെടാത്ത തുകയാണ് കരാറുകാരൻ കോട്ട് ചെയ്തിട്ടുള്ളതെന്നും കോസ്റ്റ് ഇൻഡക്സിൽ VAT/TAX ഘടകങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
4. സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം - 695010
5. ധനകാര്യ (വ്യയം-ബി) വകുപ്പ് [19.02.2025 ലെ 2929390/വ്യയം-ബി2/354/2024-ധനകാര്യ (വ്യയം-ബി) നമ്പർ റിമാർക്ക്സ് പ്രകാരം]
6. വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ3/305/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Reena P P
Date: 05-03-2025 15:18:10
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്